4. കുന്നംചിറ പാലം—60 ലക്ഷം

5. തൂരുത്തിമുക്ക് പാലം—350 ലക്ഷം

(സി) & (ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാർ ഉറപ്പിച്ചെങ്കിൽ മാത്രമേ പാലങ്ങളുടെ നിർമ്മാണം തുടങ്ങുന്ന കാര്യം കൃത്യമായി പറയാൻ കഴിയുകയുള്ളൂ.

മഞ്ചേരി മണ്ഡലത്തിലെ പുതിയ പാലങ്ങൾ

169 [1413] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പാലങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലങ്ങളുടെ പണി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത പണി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. കടങ്ങല്ലൂർ പാലം

2. എടശ്ശേരിക്കടവ് പാലം

3. മൈത്രക്കടവ് പാലം

(സി) & (ഡി) കടങ്ങല്ലൂർ, എടശ്ശേരിക്കടവ് പാലങ്ങളുടെ ടെൻഡർ തീരുമാനമായാൽ ഉടൻ പണി തുടങ്ങും. ഫ്രീ കാളിഫിക്കേഷൻ ദർഘാസുകൾ പരിശോധനാവസ്ഥയിലാണ്. മൈത്രക്കടവ് പാലം ടെണ്ടർ ചെയ്യേണ്ടതുണ്ട്.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണം

170 [1414] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെള്ളാപ്പ, ഇടയിലക്കാട്, തട്ടാർ കടവ്, തലിച്ചാലം, കുണിയൻ എന്നിവിടങ്ങളിലെ നിർദ്ദിഷ്ട പാലം നിർമ്മാണം സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly